പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4431 19.10.2011 -ൽ മറുപടിയ്ക്ക്

**<u>കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നു ; പ്രസ്തുത സ്ഥാപനങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് വിശദമാക്കുമോ ; | എ) കേരള ലൈവസ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ കീഴിൽ നാല് ഫാമുകൾ മാട്ടുപ്പെട്ടി,ധോണി,പുത്തൂർ, കുളത്തൂപ്പുഴ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. പുത്തൂർ ഒഴിച്ചുള്ള എല്ലാ ഫാമുകളിലും ഗാഢ ശീതീകരിച്ച ബീജോത്പ്പാദനത്തിനായുള്ള കാളകളെ പരിപാലിച്ചു വരുന്നു. ധോണി ഫാമിൽ ബീജോത്പ്പാദനത്തിനാവശ്യമായ മുറൈ ബഫല്ലോകളേയും സംരക്ഷിച്ചു വരുന്നു. ഇതിനുപുറമേ ധോണി ഫാമിൽ ഗാഢ ശീതികരിച്ച ബീജത്തിന്റെ ഒരു ഗുണ പരിശോധന ലാബും , സീഡ് ടെസ്റ്റിംഗ് ലബോറട്ടറി, ബേസിക് ഫോഡർ സീഡ് ഉത്പ്പാദന യൂണിറ്റ്,ഗോട്ട് ബ്രീഡിംഗ് സ്റ്റേഷൻ എന്നിവയും പ്രവർത്തിക്കുന്നു. കൂത്താട്ടുകുളത്ത് മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ(എം.പി.ഐ) യുമായി സഹകരിച്ച് പന്നി ഫാം പ്രവർത്തിച്ചു വരുന്നു. ക്ഷീരകർഷകർക്കും പൊഫഷണലുകൾക്കും സാങ്കേതിക വിദഗ്ദ്ധൻമാർക്കും ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും നൽകുന്നതിനായുള്ള ട്രയിനിംഗ് സെന്ററുകളും മാട്ടുപ്പെട്ടി, ധോണി, പുത്തൂർ, കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ പ്രവത്തിക്കുന്നു. സംസ്ഥാനത്തിനാവശ്യമായ ഗാഢ |

| | | | |
|---|---|---|---|
| | | | ശീതികരിച്ച ബീജ വിതരണം ചെയ്യുന്നതിനായി കെ.എൽ.ഡി ബോർഡിന്റെ കീഴിൽ ഏഴ് റീജിയണൽ സെമൻ ബാങ്കുകളും പ്രവർത്തിക്കുന്നു.<br><br>കൂടാതെ കുളത്തൂപ്പുഴയിൽ ഒരു ബുൾമദർ ഫാം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോലാഹലമേടിലും മാട്ടുപ്പെട്ടിയിലും ഇത്തരത്തിലുള്ള ഓരോ ബുൾ മദർ ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) | കുളത്തൂപ്പുഴ ഫാമിൽ കന്നുകാലികൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | ബി) | ഉണ്ട്. സ്വാഭാവികമായി കാണപ്പെടുന്ന അസുഖങ്ങൾ മൂലമാണ് കന്നുകാലികൾ മരണപ്പെട്ടതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട എല്ലാ പശുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ കിട്ടിയതിനാൽ സാമ്പത്തിക നഷ്ടം വന്നിട്ടില്ല. |

Seela

സെക്ഷൻ ഓഫീസർ